ഉത്തരം

(എ-സി) വട്ടോളിപ്പാലം നിർമ്മാണത്തിന് പ്രൊപ്പോസൽ ഡ്രോയിംഗ് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. ഇപ്പോൾ അതിനെ ആസ്പദമാക്കി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിവരുന്നുണ്ട്. ഡി.പി.ആർ. തയ്യാറായികഴിഞ്ഞശേഷം നബാർഡിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

റോഡപകടങ്ങൾ

268 (4019) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് കാരണം റോഡ് നിർമ്മാണത്തിലെ പിഴവാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കോടതി നിയോഗിച്ച കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ ; എങ്കിൽ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിരുന്നോ ;

(സി) റവന്യൂ, വനം വകുപ്പുകളുടെ സഹകരണത്തോടെ സുരക്ഷിതമായ റോഡ് നിർമ്മാണം എന്ന ആശയം സാധ്യമാക്കിയിട്ടുണ്ടോ ;

(ഡി) പാതയോരങ്ങളിലെ അപകടകരമായ സ്ഥിതിയിലുള്ള വൃക്ഷങ്ങൾ നീക്കം ചെയ്യാത്തതിനാൽ ഉണ്ടായിട്ടുള്ള അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 ശതമാനത്തിന് താഴെ അപകടങ്ങൾ റോഡ് നിർമ്മാണത്തിലെ പിഴവുകൊണ്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) സാധ്യമാക്കിയിട്ടില്ല.

(ഡി) ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly